## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

**നാലാമത് റിപ്പോർട്ട്**

(2016 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2016-2019)

**നാലാമത് റിപ്പോർട്ട്**

1184/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | V |
| റിപ്പോർട്ട് | .. | 1 |

## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

(2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എ. എം. ആരിഫ്

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

,, പി. വി. അൻവർ

,, എൽദോ എബ്രഹാം

,, ജോർജ് എം. തോമസ്

,, എം. രാജഗോപാലൻ

,, കെ. എസ്. ശബരീനാഥൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ് , സെക്രട്ടറി

,, സി. ജോസ്, അഡീഷണൽ സെക്രട്ടറി

,, കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2016 നവംബർ 4-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക ബില്ലുകൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2016 നവംബർ 2-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിച്ചു. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നതിന് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| (1) | 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ<br><br>(ശ്രീ. ബി. സത്യൻ, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>21 മിനിറ്റ് |
| (2) | 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ<br><br>(ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>21 മിനിറ്റ് |
| (3) | 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ<br><br>(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>21 മിനിറ്റ് |
| (4) | 2016-ലെ കേരള പട്ടിക ഗോത്ര വർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ<br><br>(ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>21 മിനിറ്റ് |
| (5) | 2016-ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബിൽ<br><br>(ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>21 മിനിറ്റ് |

3. കൂടാതെ മറ്റ് മൂന്ന് ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന സമയപരിധി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| (1) | 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവന മിഷൻ രൂപീകരണ ബിൽ<br><br>(ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>15 മിനിറ്റ് |
| (2) | 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ<br><br>(ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>15 മിനിറ്റ് |
| (3) | 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ<br><br>(ശ്രീ. ആർ. രാജേഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്) | സമയം<br>15 മിനിറ്റ് |

4. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബില്ലിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും അതിന് ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. 2016 നവംബർ 2-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

6. 2016 നവംബർ 4-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന ബില്ലുകളുടെ പകർപ്പുകൾ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

എ. എം. ആരിഫ്,

*അദ്ധ്യക്ഷൻ,*

*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും*

*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

*2016 നവംബർ 2.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.